മിസ്റ്റർ പറമ്പി ലോനപ്പൻ: സല്പമായ നെറവന്നാലും ചെയ്ത പണിക്ക പണം കൊടുക്കും.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ഇതു് ആര് മിനിസ്റ്ററായിരുന്ന കാലത്താണു് ചെയ്തതു്?

മിസ്റ്റർ പറമ്പി ലോനപ്പൻ: മിസ്റ്റർ ടി. കെ. നായർ.

മിസ്റ്റർ കെ. നടരാജൻചെട്ടിയാർ: ഈ പണികൊണ്ടു് ഒരു കൊതുകെങ്കിലും ചത്തതായിട്ടു ഗവമ്മെണ്ടിന്നറിയാമോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: എത്ര കൊതുകു ചത്തു എന്നു കണക്കെടുത്തിട്ടില്ല.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: ഇതുകൊണ്ടു് കൊതുകിനെ നശിപ്പിക്കാമെന്നു പറഞ്ഞ ഗവമ്മെണ്ടിന്റെ ഉദ്യോഗസ്ഥൻ ഏതാണു്?

മിസ്റ്റർ പറമ്പി ലോനപ്പൻ: കൊതുകു ഗവമ്മെണ്ടുദ്യോഗസ്ഥന്മാർകാരണം കൊല്ലപ്പെടുകയില്ല.

INDUSTRIAL SCHOOL HEADMASTER—QUALIFICATIONS FOR

ക ന മിസ്റ്റർ എം. കെ. വർഗ്ഗീസ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ഗവമ്മെണ്ടു് സദയം മറുപടി നൽകുമോ.—

(എ) ഇൻഡസ്ട്രയിൽസ് സ്കൂൾ ഹെഡ്മാസ്റ്റർക്കു് ആവശ്യമായ പരീക്ഷായോഗ്യത എന്തു;

(ബി) മദ്രാസ്സു് സർവ്വകലാശാലയിൽനിന്നു ഡ്രായിങ്ങു് ഹയർ (Drawing Higher) പരീക്ഷ പാസ്സായിട്ടുള്ളവരെ ഇൻഡസ്ട്രിയൽ സ്കൂൾ ഹെഡ്മാസ്റ്ററായി നിയമിക്കാറുണ്ടോ:

(സി) ഇൻഡസ്ട്രയിൽ സ്കൂളിൽ ഡ്രായിങ്ങു് മാസ്റ്റർമാരുടെ ശമ്പളഗ്രേഡ് എന്താണു്?

മിസ്റ്റർ പറമ്പി ലോനപ്പൻ:

(എ) പത്താംക്ലാസ്സു് ജയിച്ചിരിക്കണം. ഏതു വിഷയത്തിൽ പഠിപ്പിക്കുന്നുവോ ആ വിഷയത്തിൽ സർക്കാർ പബ്ലിക്കു് ഇൻഡസ്ട്രിയൽ പരീക്ഷയിൽ ഹൈയർ ഗ്രേഡായി പാസ്സായിരിക്കണം.

(ബി) ഇല്ല.

(സി) (ക) ക. ഘ ഠ

(ഘ) ക. ഘ ഠ— ക$\frac{1}{2}$—ന ങ

(ന) ക. ഘ ഠ— ക$\frac{1}{2}$— ങ ഠ

(ങ) ക. ങ ഠ—ഘ—ന ഠ.

മിസ്റ്റർ എം. കെ. വർഗ്ഗീസ്: ഇപ്പോഴുള്ള ഹെഡ്മാസ്റ്റർ എല്ലാവരും പത്താംക്ലാസ്സു് ജയിച്ചിട്ടുള്ളവരാണോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: ചിലർക്കു് എക്സംഷൻ കൊടുത്തിട്ടുണ്ടു്. ബാക്കിയുള്ളവർ പത്താംക്ലാസു് പാസ്സായിട്ടുള്ളവരാണു്.

MIDWIFERY—QUALIFICATIONS FOR

ക ഘ ങ. മിസ്റ്റർ കെ. ഐ. വേലായുധൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ഗവർമ്മേണ്ടിൽനിന്നും സദയം മറുപടി പറയുമോ.—

(എ) മിഡ്വൈഫറിക്കു് ഏറവും കുറഞ്ഞ പരീക്ഷായോഗ്യത എന്തു;

(ബി) നഴ്സുമാക്കുള്ള കുറഞ്ഞ പരീക്ഷായോഗ്യത എന്തു;

(സി) ഓരോരുത്തരുടേയും ശമ്പളത്തോതു് എന്തു;

(ഡി) നഴ്സുമാരുടേയും മിഡ്വൈഫുമാരുടേയും ട്രെയിനിങ്ങുകാലത്തു് ഏതുതോഷയിലാണു് അവരെ പഠിപ്പിക്കുന്നതും പരീക്ഷിക്കുന്നതും;

(ഇ) ബ്രിട്ടീഷിന്ത്യയിൽ മിഡ്വൈഫുമാക്കുള്ള പരീക്ഷായോഗ്യത എന്തു;

(എഫ്) ക ക ഠ-ൽ പഞ്ചായത്തു മിഡ്വൈഫറിക്കു് എത്രപേരെ ട്രെയിനിങ്ങിന്നു് എടുത്തിട്ടുണ്ടു്;

LIBRARY ARCHIVES Kerala Legislative Assembly

(ജി) ഫ ഫ ഫ ഫ-ൽ എത്രപേരെ പഞ്ചായത്തു മിഡ്‌വൈഫറിക്കു് എടുത്തിട്ടുണ്ടു്; അവരുടെ പരിക്ഷായോഗ്യത എന്തു്;

(എച്ചു്) പഞ്ചായത്തു മിഡ്‌വൈഫുമാരുടെ തിരഞ്ഞെടുപ്പു നടത്തുന്നതാരാണു്;

(ഐ) സെലക്‌ഷൻ കിട്ടിയിട്ടുള്ളവരുടെ ജാതി എന്തു?

മിസ്റ്റർ പറമ്പി ലോനപ്പൻ:

(എ) പരിശീലനത്തിനു് സ്കൂൾഫൈനൽ കോർസും, നിയമനത്തിനു് മിഡ്‌വൈഫ്‌റിടെസ്‌റ്റും.

(ബി) നഴ്‌സു്‌മാക്കു് പരിശീലനത്തിനു് സ്കൂൾഫൈനൽ കോർസും, നിയമനത്തിനു് നഴ്‌സിംഗ് ടെസ്‌റ്റും ആണു് കുറഞ്ഞ പരീക്ഷായോഗ്യതകൾ.

(സി) പബ്ലിക്കു്ഹെൽത്തു് വകുപ്പിലെ മിഡ്‌വൈഫുമാക്കു് ഫ ന്യ—ന ൦ക. യാണു് ശമ്പളം. മെഡിക്കൽ വകുപ്പിൽ മിഡ്‌വൈഫിനു് ഫ൦—൪൦ ക.യും നഴ്‌സിനു് ന ൦—ന്യ ൦ ക. യുമാണു് ശമ്പളം.

(ഡി) ഇംഗ്ലീഷിലും മലയാളത്തിലും പഠിപ്പിക്കുകയും ഇംഗ്ലീഷിൽ പരീക്ഷിക്കയും ചെയ്യുന്നു.

(ഇ) ബ്രിട്ടീഷിന്ത്യയിൽ മിഡ്‌വൈഫുമാക്കുള്ള പരീക്ഷായോഗ്യത മിഡ്‌വൈഫ് റി ഡിപ്ലോമതന്നെ ആയിരിക്കണം.

(എഫു്) ഫ ഫ ഫ ൦-ൽ ആരേയും ട്രെയിനിങ്ങിനു എടുത്തിട്ടില്ല.

(ജി) ഫ ഫ ഫ ഫ-ൽ വ പേരെ തിരഞ്ഞെടുത്തിട്ടുണ്ടു്. അവരിൽ രണ്ടുപേർ സ്കൂൾഫൈനൽ പാസ്സായിട്ടുള്ളവരും ആറുപേർ സ്കൂൾഫൈനൽ കോർസു കഴിച്ചിട്ടുള്ളവരും ആണു്.

(എച്ചു്) തിരഞ്ഞെടുപ്പു നടത്തുന്നതു് ഗവർമ്മേണ്ടിൽനിന്നാണു്.

(ഐ) ഈഴവൻ .. ഫ.
ജാക്കോബൈറ്റു് ക്രിസ്ത്യാനി .. ഫ.
Independent സിറിയൻ ക്രിസ്ത്യൻ .. ഫ.
മുസ്ലീം .. ഫ.
മറ്റഹിന്തു (Backward or Depressed) കണക്കൻ .. ഫ.
പുലയൻ .. ഫ.
ഹിന്തു നായർ .. ഫ.

ആകെ .. വ.

മിസ്റ്റർ കെ. ഐ. വേലായുധൻ: ഈ ശമ്പളത്തോതു് എന്നുതൊട്ടാണു് നടപ്പാക്കിയതു്?

മിസ്റ്റർ പറമ്പി ലോനപ്പൻ: ഫ ഫ ഫ ൦ മുതലാണു്.

മിസ്റ്റർ കെ. ഐ. വേലായുധൻ: ഫ ഫ ഫ ൦-ൽ Midwifery ട്രെയിനിംഗിനു ആരേയും എടുക്കാതിരിക്കുവാൻ കാരണമെന്താണു്?

മിസ്റ്റർ പറമ്പി ലോനപ്പൻ: കപാളിഫൈഡായിട്ടുള്ള അപേക്ഷകന്മാരില്ലാഞ്ഞിട്ടാണു്.

മിസ്റ്റർ കെ. ഐ. വേലായുധൻ: ബ്രിട്ടീഷിന്ത്യയിൽ Midwifery ട്രെയിനിംഗിനു സ്കൂൾ വിദ്യാഭ്യാസം എത്രവേണമെന്നു ഗവമ്മെണ്ടിനറിയാമോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: നിശ്ചയമില്ല.

മിസ്റ്റർ കെ. ടി. അച്യുതൻ: ഇപ്പോൾ ഓരോ പഞ്ചായത്തിലും മിഡ്‌വൈഫ്‌സു് ഉണ്ടോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: ഇല്ല.

മിസ്റ്റർ കെ. ടി. അച്യുതൻ: എല്ലാദിക്കിലും ഓരോ Midwife-നെ കൊടുക്കാതിരിക്കാൻ കാരണമെന്താണു്?

മിസ്റ്റർ പറമ്പി ലോനപ്പൻ: ഓരോ സ്ഥലത്തും കൊടുത്തുവരികയാണു് ചെയ്യുന്നതു്. കൂടുതൽ ആളുകളെ ട്രെയിനിംഗിനു എടുക്കുന്നുള്ളു. അതനുസരിച്ചു ഓരോ സ്ഥലത്തും നിയമിക്കുന്നുമുണ്ടു്.

മിസ്റ്റർ കെ. ടി. അച്യുതൻ: ട്രെയിനിംഗ് കൊടുക്കുന്നതു് എവിടെയാണു്?

മിസ്റ്റർ പറമ്പി ലോനപ്പൻ: തൃശ്ശിവപേരൂരാണു്.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ കെ. കൊച്ചുകുട്ടൻ: ഹെൽത്തുഡിപ്പാർട്ട്മെണ്ടിലേയും മെഡിക്കൽ ഡിപ്പാർട്ട്മെണ്ടിലേയും മിഡ്വൈഫുമാരുടെ തസ്തികക്ക വ്യത്യാസത്തിനു കാരണമെന്താണു്?

മിസ്റ്റർ പറമ്പി ലോനപ്പൻ: അവരുടെ കോഴ്സിനു വ്യത്യാസമുണ്ടു്.

മിസ്റ്റർ കെ. ഐ. വേലായുധൻ: സാധാരണ ഒരു കൊല്ലത്തിൽ എത്ര മിഡ്വൈഫുമാരെ പഠിപ്പിക്കും?

മിസ്റ്റർ പറമ്പി ലോനപ്പൻ: എട്ടുപേരെ പഠിപ്പിക്കും.

മിസ്റ്റർ കെ. ഐ. വേലായുധൻ: ഇപ്പോഴും എടുത്തിട്ടുള്ളവരെ ഏതു് വർഷത്തിലാണു് പഠിപ്പിക്കുന്നതു്?

മിസ്റ്റർ പറമ്പി ലോനപ്പൻ: ഫസ്റ്റ് ഫോർത്ത് പഠിപ്പിക്കും.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ഇവർക്കു് ട്രെയിനിംഗ്കാലത്തു എന്തെങ്കിലും ശമ്പളമുണ്ടോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: ശമ്പളമുണ്ടു്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ബ്രിട്ടീഷിൻഡ്യയിൽ മിഡ്വൈഫു് ട്രെയിനിംഗിനു III form മതിയെന്നു ഗവൺമെണ്ടിന്നറിയാമോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: അറിഞ്ഞുകൂടാ.

SILK WEAVING INDUSTRY

128. Mr. V. R. Krishnan Ezhuthassan *(Oorakam):* Will Government be pleased to state.—

(*a*) whether they give any grant to any institution in the State where silk weaving is carried on as an industry or where training is imparted in the manufacture of silk;

(*b*) if the answer to the above is in the affirmative, which are the institutions;

(*c*) whether the grant is given on annual or monthly basis and what is the expenditure incurred by the Government per year;

(*d*) when did the giving of grant commence and what is the total amount of grant disbursed to each of such institutions;

(*e*) what is the quantity of silk cloth produced and what is the value realised by these institutions during each of the years when the grant was given;

(*f*) to what extent has the industry spread and expended in the State since the grant began to be given and as a result of the same?

Mr. Parambi Lonappen *(Minister for Rural Development):*

(*a*) Yes.

(*b*) St. Mary's Convent Girls' Industrial School, Ollur.

(*c*) The grant is given on monthly basis and the expenditure incurred per year is Rs. 1,200.

(*d*) The giving of grant commenced from 17th August 1928 and the total amount of grant disbursed up to the end of 1120 amounts to Rs. 18,120.

(*e*) A statement containing the particulars is appended. *(Appendix).*

(*f*) The industry in this institution has served the purpose of experiment only.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴുത്തശ്ശൻ: ഈ വ്യവസായം ഫസ്റ്റ് കൊല്ലക്കാലത്തെ പരിശ്രമഫലമായി ഒരുവിധത്തിലും പ്രചരിച്ചിട്ടില്ലെന്നു പറഞ്ഞതാൽ അതു് ശരിയല്ലെന്നു പറയുവാൻ ഗവൺമെണ്ടിനു സാധിക്കുമോ?

മിസ്റ്റർ പറമ്പിലോനപ്പൻ: ഇല്ലെന്നാണു് തോന്നുന്നതു്.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴുത്തശ്ശൻ: എവിടെയെങ്കിലും പ്രചരിച്ചിട്ടുള്ളതായി അറിയാമോ?

മിസ്റ്റർ പറമ്പിലോനപ്പൻ: അറിവില്ല.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴുത്തശ്ശൻ: ഫവ, ൦൦൦ ക. ചിലവുചെയ്തു് ഈ എക്സ്പെരിമെന്റു നടത്തിയതിന്റെ ഫലമെന്തായിരുന്നു?

മിസ്റ്റർ പറമ്പിലോനപ്പൻ: ഫവ കൊല്ലമായിട്ടാണു് ഈ ഫവ, ൦ ൦൦ ക. കൊടുത്തിട്ടുള്ളതു്. അതിന്റെ ഫലം കാണാനുണ്ടു്.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴുത്തശ്ശൻ: ഈ പരീക്ഷണം സഫലമായെന്നോ അല്ലെന്നോ ഗവൺമെണ്ടിന്റെ അഭിപ്രായം?

LIBRARY ARCHIVES Kerala Legislative Assembly